ദുഃഖവെള്ളിയാഴ്ച വൈകുന്നേരം പ്രാർത്ഥനക്കു് ഉപയോഗിക്കുന്ന ഒരു സ്തുതി.

(സുറിയാനിയിൽനിന്നു് പരിഭാഷപ്പെടുത്തിയതു്)

ബ: പുള്ളിക്കാരൻ
ഫ്രാൻസീസു് കശീശ്ശ

മാർ നർസൈ പ്രസ്സിൽനിന്നു്.

1963

ദുഃഖവെള്ളിയാഴ്ച വൈകുന്നേരം പ്രാർത്ഥനക്കു് ഉപയോഗിക്കുന്ന ഒരു സ്തുതി.

ܫܒܚܐ ܠܡܪܢ ܝܫܘܥ ܡܫܝܚܐ

നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്താൽ വ്യാകുലത ഭവിക്കയും മാലാകന്മാരും മനുഷ്യരും അത്ഭുതപരതന്ത്രരായി തീരുകയും ചെയ്തു. സംസ്കരിക്കപ്പെട്ടിരുന്നവരായ മൃതന്മാർ ഉയർത്തെഴുന്നേറ്റു, നമുക്കുവേണ്ടി താഴ്ത്തപ്പെട്ട മരത്തിൽ തൂക്കപ്പെട്ടവനും, തന്റെ ജീവനുള്ള ശബ്ദത്താൽ അട്ടഹസിച്ചു് ആകാശത്തേയും ഭൂമിയേയും വിറപ്പിക്കയും ചെയ്തവനുമായ പുത്രനു് സ്തുതി പാടിക്കൊണ്ടു് തങ്ങളുടെ കല്ലറകളെ വിട്ടു് പൂപ്പെട്ടുപോന്നു.

കന്നാം ആദാമേ! ഉണരുക. ഏകജാതനായ പുത്രൻ യഹൂദാജാതിയുടെ കയ്യാൽ ഒരു പാപിയെന്നോണം കഷ്ടം അനുഭവിക്കുന്നതിനെ കാണുക *

അക്രമിയായ സഹോദരനാൽ അന്യായം ചെയ്യപ്പെട്ടവനായ ഹാബേലേ! ഉണർന്നെഴുന്നേ

റ്റ്, ലോകരക്ഷകൻ ലോകത്തിന്റെ ജീവന്നുവേ
ണ്ടി മരണം ആസ്വദിക്കുന്നതിനെ കാണുക *

ലോകത്തിന്നു് പ്രതിപുരുഷനായിത്തീർന്ന
നിഷ്ഫളങ്കനായ നോഹയേ! ഉണർന്നെഴുന്നേറ്റ്
ഇന്നേദിവസം മഹോന്നതപുത്രൻ മരത്തിൽ
തൂങ്ങിക്കിടക്കുന്നതിനെ കാണുക *

നിദ്രയിൽ ലയിച്ചിരുന്ന തങ്ങളുടെ പിതാ
വിന്റെ നഗ്നതയെ മറച്ച സൽഗ്രണപൂർണ്ണരും അ
നുഗ്രഹീതസന്താനങ്ങളുമായ ശേം, യാഫത്തു്
എന്നിവരേ! ഉണർന്നു് പ്രശോഭിത സൂര്യനും, പ്ര
കാശദീപമായ ചന്ദ്രനും, തങ്ങളുടെ അപമാനിത
നായ യജമാനനെ കാണാതിരിപ്പാനായി ഇരുണ്ട
അന്ധകാരത്തെ ധരിച്ചിരിക്കുന്നതിനെ വന്നു
കാണുവിൻ *

മെൽബഹാമേൽ മാംസം അർപ്പിക്കാത്തവ
നായ പുരോഹിതനായ മൽക്കീസ്സേദക്കേ! അപ്പ
ത്താലും വീഞ്ഞിനാലും തന്റെ രഹസ്യങ്ങളെ
പ്രദാനംചെയ്ത പുത്രനെ ഇന്നു് വന്നു കാണുക *

അബ്രാഹാമേ! ഉണരുക. വെളിപ്പാടിനാൽ
നിനക്കു് പ്രത്യക്ഷനായ പുത്രൻ, നിനക്കു് കാണ
പ്പെട്ട അതെ ഭിഷ്ടാന്തത്തിൽതന്നെ ഇന്നെ ദിവ
സം മരത്തിൽ തൂക്കപ്പെട്ടിരിക്കുന്നതിനെ കാ
ണുക *

അങ്ങയുടെ മരണം വാഴ്ത്തപ്പെട്ടതാകുന്നു അങ്ങയുടെ പുനരുത്ഥാനം സ്തുതിക്കപ്പെട്ടതാകുന്നു. അങ്ങയുടെ ദൈവത്തെ ഏറ്റുപറഞ്ഞ അങ്ങയുടെ ദാസന്മാരോട് കനിവു് തോന്നി വിമോചിക്കേണമേ. അങ്ങയുടെ ശക്തിയാൽ ഞങ്ങൾക്കു് സഹായിയായിരിക്കേണമേ അങ്ങു നു് സത്യമായിട്ടും ഉയർത്തെഴുന്നേറ്റിരിക്കുന്നു എന്നു് ഏറ്റുപറയുന്ന സഭാക്കുട്ടങ്ങളുടെ മേൽ അങ്ങയുടെ കരുണകളെ സദാ ഒഴുക്കേണമേ. അങ്ങേക്കും, അങ്ങയുടെ പിതാവിനും, പരിശുദ്ധ ആത്മാവിനുമുള്ള സ്തുതിയും ആരാധനയും സദാ ഉണ്ടായിരിക്കുമാറാകട്ടെ.

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org